പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1502 | 13.07.2016 -ൽ മറുപടിക്ക്.

## ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീ. പി.തിലോത്തമൻ (ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകളിൽ നിന്നും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ നിരക്കിലുള്ള അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നുണ്ടോ ; | (എ) ഉണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നു. റേഷൻകാർഡുകളും റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തുന്നു. |
| (ബി) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ നിരക്കുകൾ കൃത്യമായി അവർ അറിയുന്നില്ലെന്നും അത് അവർക്ക് ലഭിക്കുന്നില്ലായെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പ്രസ്തുത സാഹചര്യം നിലവിലില്ല. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻകടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്ക വിധം stock-cum-priceboard എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്. |
| (സി) ബി.പി.എൽ കാർഡുകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ടെന്നും റേഷൻ കടയിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങൾ അവർ കൈപ്പറ്റിയെന്നും അറിയുന്നതിനുള്ള ഇന്റിമേഷൻ & റിസീവ്ഡ് കാർഡ് സിസ്റ്റം | പരിശോധിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം, 2013 നടപ്പാക്കിക്കഴിയുമ്പോൾ റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സാധനങ്ങളുടെ വിതരണം ടി മെഷീനിലൂടെയാക്കുന്നതോടുകൂടി റേഷൻ |

ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

വിതരണത്തിന് കൂടുതൽ സുതാര്യത ലഭിക്കും. എഫ്.സി.ഐ.യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതു വരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഓൺലൈൻ മോഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) റേഷൻ വ്യാപാരികൾക്കും ബി.പി.എൽ ഉപഭോക്താക്കൾക്കും ഇടയിൽ സൗജന്യ നിരക്കിലുള്ള ഭക്ഷ്യ സാധനങ്ങളുടെ ചോർച്ച സംഭവിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

റേഷൻകടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്ക വിധം stock-cum-priceboard എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്. അനധികൃതമായി കടത്തിക്കൊണ്ടുപോകുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യ സാധന നിയമം (Essential Commodities Act-1955), Prevention of Black Marketing and Maintenence of Supply of Essential Commodities Act -1980 എന്നിവ പ്രകാരം നടപടി എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ